256

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്റ്റ്, 1967

**( 1967-ലെ 37-ാം നമ്പർ ആക്റ്റ് )**

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്റ്റ്, 1967

(1967-ലെ 37-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

# നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്റ്റ്, 1967

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം


വകുപ്പുകൾ

1. ചുരുക്കപ്പേരും വ്യാപ്തിയും.
2. നിർവ്വചനങ്ങൾ.

2ക. ജമ്മു-കാശ്മീറിൽ പ്രാബല്യത്തിലില്ലാത്ത നിയമങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുടെ അർത്ഥ കല്പന.


### അദ്ധ്യായം II

### നിയമവിരുദ്ധ സമാജങ്ങൾ


3. സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കൽ.
4. ട്രിബ്യൂണലിന് റഫർ ചെയ്യുന്നത്.
5. ട്രിബ്യൂണൽ.
6. വിജ്ഞാപനത്തിന്റെ പ്രവർത്തനകാലവും റദ്ദാക്കലും.
7. നിയമവിരുദ്ധസമാജത്തിന്റെ പണം ഉപയോഗിക്കുന്നത് നിരോധിക്കാനുള്ള അധികാരം.
8. നിയമവിരുദ്ധസമാജത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലങ്ങൾ വിജ്ഞാപനം ചെയ്യുവാനുള്ള അധികാരം.
9. ഈ ആക്റ്റിൻകീഴിൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമം.

## അദ്ധ്യായം III

### കുററങ്ങളും ദണ്ഡനങ്ങളും


10. നിയമവിരുദ്ധസമാജത്തിന്റെ അംഗങ്ങളായിരിക്കുന്നതിനുള്ള ദണ്ഡനം.
11. നിയമവിരുദ്ധസമാജത്തിന്റെ പണം കൈകാര്യം ചെയ്യുന്നതിനുള്ള ദണ്ഡനം.
12. ഒരു വിജ്ഞാപിതസ്ഥലം സംബന്ധിച്ച് ചെയ്ത ഉത്തരവ് ഉല്ലംഘിക്കുന്നതിനുള്ള ദണ്ഡനം.
13. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള ശിക്ഷ.
14. കുററങ്ങൾ കോഗ്നൈസബിൾ ആയിരിക്കുമെന്ന്.


## അദ്ധ്യായം IV

### പലവക


15. സമാജം തുടരുന്നത്.
16. അധികാരിതാതടസ്സം.
17. ഈ ആക്ററിൻകീഴിലെ കുററങ്ങൾക്കുള്ള പ്രാസിക്യൂഷൻ.
18. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവൃത്തിക്കുള്ള രക്ഷണം.
19. പ്രത്യായോജനം ചെയ്യുവാനുള്ള അധികാരം.
20. മററ് അധിനിയമങ്ങൾക്ക് അസംഗതമായിട്ടുള്ളിടത്ത് ഈ ആക്ററിന്റെയും ചട്ടങ്ങൾ മുതലായവയുടേയും പ്രഭാവം.
21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.

# നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്ററ്, 1967
## (1967-ലെ 37-ാം നമ്പർ ആക്ററ്)

വ്യക്തികളുടേയും സമാജങ്ങളുടേയും ചില നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ കൂടുതൽ ഫലപ്രദമായ നിവാരണത്തിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വ്യവസ്ഥ ചെയ്യാനുള്ള ആക്ററ്

[1967 ഡിസംബർ, 30]

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ പതിനെട്ടാം സംവത്സരത്തിൽ പാർലമെൻറ് താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്ററിന്, നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ആക്ററ്, 1967 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു; എന്നാൽ ഇതു ജമ്മു-കാശ്മീർ സ്റേററിൽ, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.— സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, ഈ ആക്ററിൽ—

(ക) ''സമാജ'' ത്തിന്, വ്യക്തികളുടെ ഏതെങ്കിലും കൂട്ടമോ, നികായമോ എന്നർത്ഥമാകുന്നു.

(ഖ) ''ഇൻഡ്യൻ രാജ്യക്ഷേത്രത്തിൻെറ ഒരു ഭാഗം ഭത്തമാവുക'' എന്നതിൽ, അങ്ങനെയുള്ള ഏതെങ്കിലും ഭാഗത്തിലുള്ള ഏതെങ്കിലും വിദേശരാജ്യത്തിൻെറ അവകാശവാദം സമ്മതിച്ചുകൊടുക്കുന്നത് ഉൾപ്പെടുന്നു;

(ഗ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഘ) "ഇൻഡ്യൻ രാജ്യക്ഷേത്രത്തിൻെറ ഒരു ഭാഗം യൂണിയനിൽ നിന്ന് വിട്ടുപോവുക" എന്നതിൽ അങ്ങനെയുള്ള ഭാഗം ഇൻഡ്യൻ രാജ്യക്ഷേത്രത്തിൻെറ ഭാഗമായി തുടരുമോ എന്ന് തീരുമാനിക്കാനുള്ള ഏതെങ്കിലും അവകാശവാദത്തിൻെറ ഉദ്ഘോഷണം ഉൾപ്പെടുന്നു;

(ങ) "ട്രിബ്യൂണൽ" എന്നാൽ, 5-ാം വകുപ്പിൻകീഴിൽ ഏർപ്പെടുത്തിയ ട്രിബ്യൂണൽ എന്നർത്ഥമാകുന്നു;

(ച) "നിയമവിരുദ്ധ പ്രവർത്തനം" എന്നാൽ, ഒരു വ്യക്തിയേയോ സമാജത്തേയോ സംബന്ധിച്ചിടത്തോളം, അങ്ങനെയുള്ള വ്യക്തിയോ, സമാജമോ ഏതെങ്കിലും കൃത്യം ചെയ്യുന്നതു വഴിയോ പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണങ്ങളാലോ മററുവിധത്തിലോ ചെയ്യുന്നതും—

(i) ഇൻഡ്യൻ രാജ്യക്ഷേത്രത്തിൻെറ ഒരു ഭാഗം ദത്തമാകുന്നതോ ഇൻഡ്യൻ രാജ്യക്ഷേത്രത്തിൻെറ ഒരു ഭാഗം യൂണിയനിൽനിന്ന് വിട്ടുപോകുന്നതോ ഏതെങ്കിലും കാരണത്തിൻമേൽ, അത് എന്തുതന്നെ ആയിരുന്നാലും, സംഭവിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതും, അല്ലെങ്കിൽ അങ്ങനെ സംഭവിപ്പിക്കുവാനുള്ള ഏതെങ്കിലും അവകാശവാദത്തെ താങ്ങുന്നതോ അല്ലെങ്കിൽ, അങ്ങനെ ദത്തമാകുന്നതോ വിട്ടുപോകുന്നതോ സംഭവിപ്പിക്കുവാൻ ഏതെങ്കിലും വ്യക്തിയേയോ, വ്യക്തികളുടെ ഗ്രൂപ്പിനേയോ ഇളക്കിവിടുന്നതും; അല്ലെങ്കിൽ

(ii) ഇൻഡ്യയുടെ പരമാധികാരത്തേയും രാജ്യക്ഷേത്രപരമായ അഖണ്ഡതയേയും നിരാകരിക്കുന്നതോ, ചോദ്യം ചെയ്യുന്നതോ, ഭജ്ഞിക്കുന്നതോ, ഭജ്ഞിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ;

ആയതും ആയ ഏതെങ്കിലും പ്രവൃത്തി എന്നർത്ഥമാകുന്നു;

(ഛ) "നിയമവിരുദ്ധസമാജം" എന്നാൽ—

(i) ഏതു സമാജത്തിനാണോ, അതിൻെറ ലക്ഷ്യം നിയമവിരുദ്ധ പ്രവർത്തനമായിട്ടുള്ളത്, അങ്ങനെയുള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനം ഏറെറടുക്കാൻ ആളുകളെ പ്രോൽസാഹിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്നതോ, അല്ലെങ്കിൽ ഏതു സമാജത്തിലെ അംഗങ്ങളാണോ അങ്ങനെയുള്ള, പ്രവർത്തനം ഏറെറടുക്കുന്നത്, അങ്ങനെയുള്ളതോ, അല്ലെങ്കിൽ

(ii) ഏതു സമാജത്തിനാണോ അതിൻെറ ലക്ഷ്യം ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 153ക വകുപ്പിനോ 153ഖ വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും പ്രവർത്തനം ആയിട്ടുള്ളത്, അങ്ങനെയുള്ളതോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തനം ഏറെറടുക്കുവാൻ ആളുകളെ പ്രോൽസാഹിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ ഏതു സമാജത്തിലെ അംഗങ്ങളാണോ അങ്ങനെയുള്ള ഏതെങ്കിലും പ്രവർത്തനം ഏറെറടുക്കുന്നത്, അങ്ങനെയുള്ളതോ, ആയ ഏതെങ്കിലും സമാജം എന്നർത്ഥമാകുന്നു. എന്നാൽ (ii)-ാം ഉപഖണ്ഡത്തിൽ അടങ്ങിയ യാതൊന്നും ജമ്മു-കാശ്മീർ സ്റേററിന് ബാധകമാകുന്നതല്ല.

**2.ക. ജമ്മു-കാശ്മീറിൽ പ്രാബല്യത്തിലില്ലാത്ത നിയമങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളുടെ അർത്ഥ കല്പന**–ജമ്മു-കാശ്മീർസ്റ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമത്തെക്കുറിച്ചുള്ള ഈ ആക്ററിലെ ഏതെങ്കിലും പരാമർശത്തിന് ആ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം, ആ സ്റ്റേററിൽ പ്രാബല്യത്തിലുള്ള തൽസ്ഥാനീയ നിയമം വല്ലതുമുണ്ടെങ്കിൽ, അതിനെക്കുറിച്ചുള്ള പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

## അദ്ധ്യായം II.

## നിയമവിരുദ്ധ സമാജങ്ങൾ

**3. സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കൽ.** (1) ഏതെങ്കിലും സമാജം ഒരു നിയമവിരുദ്ധ സമാജമാണെന്നോ, ആയിത്തീർന്നിട്ടുണ്ടെന്നോ കേന്ദ്ര ഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, അങ്ങനെയുള്ള സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും, അത് ഏതു കാരണങ്ങളിൻമേലാണ് പുറപ്പെടുവിക്കുന്നതെന്നും, കേന്ദ്രഗവൺമെൻറ് ആവശ്യമാണെന്ന് കരുതുന്ന മററ് വിവരങ്ങളും വിനിർദ്ദേശിക്കേണ്ടതാകുന്നു :

എന്നാൽ വെളിപ്പെടുത്തുന്നത് പൊതുതാൽപര്യത്തിന് എതിരാണെന്ന് കേന്ദ്ര ഗവൺമെൻറ് കരുതുന്ന ഏതെങ്കിലും വസ്തുത വെളിപ്പെടുത്താൻ കേന്ദ്രഗവൺമെൻറിനോട് ഈ ഉപവകുപ്പിലെ യാതൊന്നും ആവശ്യപ്പെടുന്നില്ല.

(3) അങ്ങനെയുള്ള യാതൊരു വിജ്ഞാപനത്തിനും, അതിൽചെയ്ത പ്രഖ്യാപനം ട്രിബ്യൂണൽ, 4-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന ഉത്തരവുവഴി സ്ഥിരപ്പെടുത്തുകയും ആ ഉത്തരവു ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതുവരെ പ്രഭാവമുണ്ടായിരിക്കുന്നതല്ല:

എന്നാൽ കേന്ദ്രഗവൺമെൻറിന് ഒരു സമാജത്തെ ഉടനെയുള്ള പ്രഭാവത്തോടുകൂടി നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നത്, ആവശ്യകമാക്കിത്തീർക്കുന്ന പരിതഃസ്ഥിതികൾ നിലവിലുണ്ടെന്ന് ആ ഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് ലിഖിതമായി പ്രസ്താവിക്കേണ്ട കാരണങ്ങളാൽ, ആ വിജ്ഞാപനത്തിന് 4-ാംവകുപ്പിൻകീഴിൽ ചെയ്യുന്ന ഏതെങ്കിലും ഉത്തരവിനു വിധേയമായി, ഔദ്യോഗികഗസററിൽ ആ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ പ്രഭാവമുണ്ടായിരിക്കുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

4. അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും ഔദ്യോഗിക ഗസററിൽ അതു പ്രസിദ്ധപ്പെടുത്തുന്നതിനു പുറമെ, അതു ബാധിക്കുന്ന സമാജത്തിന് മുഖ്യ ആഫീസ് വല്ലതും ഉണ്ടെങ്കിൽ, അത് സ്ഥിതി ചെയ്യുന്ന സ്റ്റേററിൽ പ്രചാരത്തിലുള്ള ഒന്നിൽ കുറയാത്ത ദിനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതും കേന്ദ്രഗവൺമെൻറിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ ആ സമാജത്തിനു നടത്തുകയും കൂടി ചെയ്യേണ്ടതും, അങ്ങനെ നടത്തുന്നതിന് താഴെപ്പറയുന്ന സമ്പ്രദായങ്ങൾ, അതായത്:—

(ക) വിജ്ഞാപനത്തിൻെറ ഒരുപകർപ്പ് സമാജത്തിന് ആഫീസുവല്ലതുമുണ്ടെങ്കിൽ, ശ്രദ്ധയെ ആകർഷിക്കത്തക്ക അതിൻെറ ഏതെങ്കിലും ഭാഗത്ത് പതിക്കൽ, അല്ലെങ്കിൽ;

(ഖ) സമാജത്തിന്റെ മുഖ്യഭാരവാഹികളായി വല്ലവരും ഉണ്ടെങ്കിൽ സാദ്ധ്യമായിട്ടുള്ളിടത്ത് അവർക്ക് വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് നടത്തൽ; അല്ലെങ്കിൽ

(ഗ) വിജ്ഞാപനത്തിന്റെ ഉള്ളടക്കം സമാജത്തിന്റെ പ്രവർത്തനങ്ങൾ സാധാരണമായി നടത്തികൊണ്ടുപോരുന്ന പ്രദേശത്ത് മുരശടിച്ചോ ഉച്ചഭാഷിണികൾ വഴിയോ വിളംബരം ചെയ്യൽ; അല്ലെങ്കിൽ

(ഘ) നിർണ്ണയിക്കപ്പെടുന്ന മററ് രീതി, എന്നിവ മുഴുവനുമോ അവയിൽ ഏതെങ്കിലും അനുവർത്തിക്കാവുന്നതും ആണ്.

4. <u>ട്രിബ്യൂണലിന് റഫർചെയ്യുന്നത്.</u> (1) 3-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻ കിഴിൽ, പുറപ്പെടുവിച്ച ഒരു വിജ്ഞാപനം വഴി ഏതെങ്കിലും സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുള്ളിടത്ത്, കേന്ദ്ര ഗവൺമെന്റു മുൻപറഞ്ഞ ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതീയതി മുതൽ മുപ്പതു ദിവസത്തിനകം സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നതിന് മതിയായ കാരണം ഉണ്ടോ ഇല്ലയോ എന്ന് ന്യായനിർണ്ണയം ചെയ്യുന്നതിന് വേണ്ടി ആ വിജ്ഞാപനം ട്രിബ്യൂണലിന് റഫർ ചെയ്യേണ്ടതാകുന്നു

(2) (1)-ാം വകുപ്പിൻകിഴിൽ ഒരു റഫറൻസ് കിട്ടുന്നതിൻമേൽ, അതു ബാധിക്കുന്ന സമാജത്തോട്, ട്രിബ്യൂണൽ ലിഖിതമായ നോട്ടീസുവഴി, ആ സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കാതിരിക്കുവാൻ അങ്ങനെയുള്ള നോട്ടീസ് നടത്തുന്ന തീയതിമുതൽ മുപ്പതു ദിവസത്തിനകം കാരണംകാണിക്കുവാൻ ആവശ്യപ്പെടേണ്ടതാകുന്നു.

(3) സമാജമോ, അതിന്റെ ഭാരവാഹികളോ അംഗങ്ങളോ കാരണങ്ങൾ വല്ലതും കാണിച്ചിട്ടുണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷം, ട്രിബ്യൂണൽ, 9-ാം വകുപ്പിൽ വിനിർദ്ദേശിച്ച രീതിയിൽ അന്വേഷണവിചാരണ നടത്തേണ്ടതും, കേന്ദ്രഗവൺമെന്റിൽനിന്നോ സമാജത്തിലെ ഏതെങ്കിലും ഭാരവാഹിയിൽനിന്നോ അംഗത്തിൽനിന്നോ ആവശ്യമാണെന്ന് കരുതുന്ന കൂടുതൽ വിവരം ആവശ്യപ്പെട്ടതിനുശേഷം, സമാജത്തെ നിയമവിരുദ്ധമായി പ്രഖ്യാപിക്കാൻ മതിയായ കാരണം ഉണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുകയും, കഴിയുന്നതും വേഗത്തിലും, ഏതു സംഗതിയിലും 3-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ വിജ്ഞാപനം പുറപ്പെടുവിച്ച തീയതിമുതൽ ആറുമാസക്കാലത്തിനുള്ളിലും വിജ്ഞാപനത്തിൽ ചെയ്തിട്ടുള്ള പ്രഖ്യാപനം സ്ഥിരീകരിച്ചുകൊണ്ടോ റദ്ദാക്കിക്കൊണ്ടോ യുക്തമെന്നു തോന്നുന്ന ഉത്തരവു ചെയ്യുകയും ചെയ്യേണ്ടതും ആകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ട്രിബ്യൂണൽ ചെയ്യുന്ന ഉത്തരവ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

5 <u>ട്രിബ്യൂണൽ.</u>—(1) കേന്ദ്ര ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ആവശ്യമുള്ളപ്പോഴെല്ലാം കേന്ദ്ര ഗവൺമെന്റ് നിയമിക്കേണ്ട ഒരാൾ അടങ്ങിയതും "നിയമവിരുദ്ധ പ്രവർത്തനങ്ങൾ (നിവാരണം) ട്രിബ്യൂണൽ" എന്ന് അറിയപ്പെടേണ്ടതുമായ ഒരു ട്രിബ്യൂണൽ ഏർപ്പെടുത്താവുന്നതാണ് :

എന്നാൽ ഹൈക്കോടതിയിലെ ജഡ്ജിയല്ലാത്തപക്ഷം യാതൊരാളും അപ്രകാരം നിയമിക്കപ്പെടാവുന്നതല്ല.

(2) ട്രിബ്യൂണലിലെ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ദ്യോഗത്തിൽ ഏതെങ്കിലും കാരണത്താൽ, (താൽക്കാലികമായ അസാന്നിദ്ധ്യ ല്ലാത്ത) ഒഴിവുണ്ടാകുന്നുവെങ്കിൽ, കേന്ദ്രഗവൺമെന്റ് ആ ഒഴിവ് നികത്തു ന്നതിന് ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് മറെറാരാളെ നിയമിക്കേണ്ടതും ടപടികൾ ഒഴിവുനികത്തിയപ്പോഴത്തെ ഘട്ടംമുതൽ ട്രിബ്യൂണൽ മുമ്പാകെ ടരാവുന്നതും ആണ്.

(3) ട്രിബ്യൂണലിന് ഈ ആക്ററിൻകീഴിലുള്ള അതിന്റെ ചുമതലകൾ ിർവ്വഹിക്കുന്നതിന് ആവശ്യമായ സ്ററാഫിനെ കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കിക്കൊടുക്കേണ്ടതാകുന്നു.

(4) ട്രിബ്യൂണലിനെ സംബന്ധിച്ച് നേരിടുന്ന എല്ലാ ചെലവുകളും ന്ത്യയുടെ സഞ്ചിതനിധിയിൽനിന്ന് ചെയ്യേണ്ടതാകുന്നു.

(5) 9-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ട്രിബ്യൂണലിന് തു കൂടേണ്ട സ്ഥലമോ സ്ഥലങ്ങളോ ഉൾപ്പെടെ അതിന്റെ ചുമതലകളുടെ ിർവ്വഹണത്തിൽ ഉദ്ഭവിക്കുന്ന എല്ലാ വിഷയങ്ങളിലും സ്വന്തം നടപടിക്രമം കമപ്പെടുത്തുവാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(6) ട്രിബ്യൂണലിന്, ഈ ആക്ററിൻകീഴിൽ ഒരു അന്വേഷണവിചാരണ ചയ്യുന്നതിന്റെ ആവശ്യത്തിന്, താഴെ പറയുന്ന വിഷയങ്ങൾ സംബന്ധിച്ച്, തായത് :—

(ക) ഏതെങ്കിലും സാക്ഷിയെ സമൺ ചെയ്യുന്നതും അയാളെ ഹാജരാക്കിക്കുന്നതും ശപഥത്തിൻമേൽ വിസ്തരിക്കുന്നതും;

(ഖ) തെളിവായി ഹാജരാക്കാവുന്ന ഏതെങ്കിലും രേഖയോ, മററു ലക്ഷ്യവസ്തുവോ വെളിപ്പെടുത്തുന്നതും ഹാജരാക്കുന്നതും;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതും ;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെ ങ്കിലും പബ്ലിക്ക് റിക്കാർഡ് ആവശ്യപ്പെടുന്നതും ;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിന് ഏതെങ്കിലും കമ്മീഷൻ പുറപ്പെടുവിക്കുന്നതും,

സംബന്ധിച്ച്, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൻ കീഴിൽ ഒരു സിവിൽക്കോടതിയിൽ ഒരു വ്യവഹാരം വിചാരണചെയ്യുമ്പോൾ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) ട്രിബ്യൂണലിന്റെ മുമ്പാകെയുള്ള ഏതെങ്കിലും നടപടി ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യിലെ 193-ം 228-ം വകുപ്പുകളുടെ അർത്ഥത്തിൽ ഒരു നീതിന്യായ നടപടിയായി കരുതപ്പെടുന്നതും, ക്രിമിനൽ നടപടിനിയമസംഹിത, 1898 (1898-ലെ 5)-ലെ 195-ാം വകുപ്പിന്റേയും XXXV-ാം അദ്ധ്യായത്തിന്റേയും ആവശ്യങ്ങൾക്ക് ട്രിബ്യൂണൽ ഒരു സിവിൽ ക്കോടതിയായി കരുതപ്പെടുന്നതും ആകുന്നു.

6. <u>വിജ്ഞാപനത്തിന്റെ പ്രവർത്തനകാലവും റദ്ദാക്കലും.</u>—(1) (2)-ാം പവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, 3-ാം വകുപ്പിൻകീഴിൽ പുറപ്പെ ടുവിക്കുന്ന ഒരു വിജ്ഞാപനം, അതിൽ ചെയ്യപ്പെടുന്ന പ്രഖ്യാപനം 4-ാം വകുപ്പിൻകീഴിൽ ചെയ്യുന്ന ഒരു ഉത്തരവുവഴി ട്രിബ്യൂണൽ സ്ഥിരീകരിക്കുന്നു വെങ്കിൽ, ആ വിജ്ഞാപനം പ്രാബല്യത്തിൽവരുന്ന തീയതിമുതൽ രണ്ടു വർഷക്കാ ലത്തേക്ക് പ്രാബല്യത്തിലിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 3-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച വിജ്ഞാപനം, അതിൽ ചെയ്ത പ്രഖ്യാപനം ട്രിബ്യൂണൽ സ്ഥിരീകരിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും കേന്ദ്ര ഗവൺമെൻറിന്, സ്വമേധയാ അല്ലെങ്കിൽ, സങ്കടക്കാരനായ ഏതെങ്കിലും ആളുടെ അപേക്ഷയിൻമേൽ, ഏതു സമയത്തും റദ്ദാക്കാവുന്നതാണ്.

7. നിയമവിരുദ്ധ സമാജത്തിൻെറ പണം ഉപയോഗിക്കുന്നത് നിരോധിക്കാനുള്ള അധികാരം.—(1) ഒരു സമാജം, 3-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും, ആ വകുപ്പിലെ (3)-ാം ഉപവകുപ്പിൻകീഴിൽ പ്രഭാവത്തിൽ വന്നിട്ടുള്ളതുമായ ഒരു വിജ്ഞാപനത്താൽ നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെടുകയും, കേന്ദ്ര ഗവൺമെൻറിന്, യുക്തമെന്നു തോന്നുന്ന അന്വേഷണ വിചാരണയ്ക്ക് ശേഷം ഏതെങ്കിലും ആൾക്ക്, ആ നിയമവിരുദ്ധ സമാജത്തിൻെറ ആവശ്യത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതോ ആയ വല്ല പണത്തിൻേറയോ ഈടുകളുടേയോ ക്രെഡിററുകളുടേയോ കസ്ററഡി ഉണ്ടെന്ന് ബോദ്ധ്യപ്പെടുകയും ചെയ്യുന്നിടത്ത്, കേന്ദ്ര ഗവൺമെൻറിന്, ലിഖിതമായഉത്തരവ് വഴി, അങ്ങനെയുള്ള പണമോ ഈടുകളോ ക്രെഡിററുകളോ, അല്ലെങ്കിൽ ആ ഉത്തരവ് ചെയ്തതിനുശേഷം അങ്ങനെയുള്ള ആളുടെ കസ്ററഡിയിൽ വരുന്ന മറേറതെങ്കിലും പണമോ ഈടുകളോ ക്രെഡിററുകളോ കേന്ദ്ര ഗവൺമെൻറിൻെറ ലിഖിതമായ ഉത്തരവ് അനുസരിച്ചല്ലാതെ കൊടുക്കുകയോ ഡെലിവർചെയ്യുകയോ മാററം ചെയ്യുകയോ മറേറതെങ്കിലും വിധത്തിൽ, അത് എന്തുതന്നെയായിരുന്നാലും, കൈകാര്യം ചെയ്യുകയോചെയ്യുന്നതിൽനിന്ന് അയാളെനിരോധിക്കാവുന്നതും. അങ്ങനെയുള്ള ഉത്തരവിൻെറ ഒരു പകർപ്പ് അപ്രകാരംനിരോധിക്കപ്പെട്ട ആൾക്ക് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ച രീതിയിൽനടത്തേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന നിരോധനോത്തരവിൻെറ പകർപ്പ് കേന്ദ്ര ഗവൺമെൻറിന്, അത് തിരഞ്ഞെടുക്കുന്ന ഏതെങ്കിലും ഗസററഡ് ഗവൺമെൻറ് ഉദ്യോഗസ്ഥന് അന്വേഷണത്തിനായി എൻഡോഴ്സ് ചെയ്തുകൊടുക്കാവുന്നതും, അങ്ങനെയുള്ള പകർപ്പ് ഏതൊന്നിൻകീഴിലാണോ അങ്ങനെയുള്ള ഉദ്യോഗസ്ഥന്, ആ ഉത്തരവ്, ആർക്കെതിരായാണോ അയാളുടെ ഏതെങ്കിലും കെട്ടിടപരിസരത്തിലോ അതിനുള്ളിലോ പ്രവേശിക്കുകയും, അയാളുടെ ബുക്കുകൾ പരിശോധിക്കുകയും പണത്തിനോ ഈടുകൾക്കോ ക്രെഡിററുകൾക്കോ ശോധന നടത്തുകയും, അങ്ങനെയുള്ള ആളോടോ അങ്ങനെയുള്ള ആളുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോടോ ഏജൻറിനോടോ, ഭൃത്യനോടോ, ആ നിയമവിരുദ്ധ സമാജത്തിൻെറ ആവശ്യത്തിനായി ഉപയോഗിച്ചുകൊണ്ടിരുന്നതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആണെന്ന് അന്വേഷണോദ്യോഗസ്ഥൻ സംശയിക്കുന്ന ഏതെങ്കിലും പണത്തിൻേറയോ ഈടുകളുടേയോ ക്രെഡിററുകളുടേയോ ഏതെങ്കിലും ഇടപാടിൻെറ ഉദ്ഭവത്തെ സ്പർശിക്കുന്ന അന്വേഷണവിചാരണകൾ ചെയ്യുകയും ചെയ്യാവുന്നത്, അങ്ങനെയുള്ള ഒരു വാറണ്ട് ആയിരിക്കുന്നതും ആകുന്നു.

(3) ഈ വകുപ്പിൻകീഴിൽ ചെയ്യുന്ന ഉത്തരവിൻെറ ഒരു പകർപ്പ്, ക്രിമിനൽ നടപടിനിയമസംഹിത, 1898 (1898-ലെ 5)-ൽ സമൺസ് നടത്തലിന് വ്യവസ്ഥചെയ്യുന്ന രീതിയിൽ നടത്തുകയോ, അല്ലെങ്കിൽ സമൺസ് നടത്തപ്പെടേണ്ടയാൾ ഏകാംഗയോഗമോ കമ്പനിയോ ബാങ്കോ മററ് സമാജമോ ആകുന്നിടത്ത്, അതിൻെറ മാനേജ്മെൻറുമായി ബന്ധപ്പെട്ട ഏതെങ്കിലും സെക്രട്ടറിക്കോ ഡയറക്ടർക്കോ മററ് ഉദ്യോഗസ്ഥനോ ആൾക്കോ അല്ലെങ്കിൽ ആ ഏകാംഗയോഗത്തിൻേറയോ കമ്പനിയുടേയോ ബാങ്കിൻേറയോ മററ് സമാജ

ത്തിന്റെയോ രജിസ്റ്റേർഡ് ആഫീസിലോ, അവിടേയ്ക്കോ രജിസ്റ്റേർഡ് ആഫീസില്ലാത്തിടത്ത്, അത് ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന സ്ഥലത്തോ സ്ഥലത്തേക്കോ കൊടുത്തുകൊണ്ടോ അതിന്റെ മേൽവിലാസത്തിൽ തപാൽവഴി അയച്ചുകൊണ്ടോ നടത്തുകയോ ചെയ്യേണ്ടതാകുന്നു.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ ചെയ്ത ഒരു നിരോധന ഉത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, ആ ഉത്തരവ് നടത്തിയ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം ഏത് പണമോ ഈടുകളോ ക്രെഡിററുകളോ സംബന്ധിച്ചാണോ ചെയ്തിട്ടുള്ളത്, ആ പണമോ ഈടുകളോ ക്രെഡിററുകളോ, ആ നിയമവിരുദ്ധ സമാജത്തിന്റെ ആവശ്യത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നില്ലെന്നോ ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ലെന്നോ സ്ഥാപിക്കുവാൻ, അങ്ങനെയുള്ള ആൾ സ്വേച്ഛയാ താമസിക്കുന്നതോ, ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതോ, സ്വയം ലാഭത്തിനായി ജോലി ചെയ്യുന്നതോ ഏത് ജില്ലാ ജഡ്ജിയുടെ അധികാരിതയുടെ അതിർത്തിക്കുള്ളിലാണോ, ആ ജില്ലാ ജഡ്ജിയുടെ കോടതിക്ക് അപേക്ഷ കൊടുക്കാവുന്നതും ജില്ലാ ജഡ്ജിയുടെ കോടതി ആ പ്രശ്നം തീരുമാനിക്കേണ്ടതും ആകുന്നു.

(5) ഈ വകുപ്പിൻ കീഴിലുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യങ്ങൾക്ക് വേണ്ടിടത്തോളമൊഴികെ, ഏതെങ്കിലും ഗസററഡ് ഗവൺമെൻറ് ഉദ്യോഗസ്ഥൻ (2)-ാം ഉപവകുപ്പിൻ കീഴിൽ നടത്തുന്ന ഏതെങ്കിലും അന്വേഷണത്തിനിടയിൽ തനിക്ക് ലഭിക്കുന്ന യാതൊരു വിവരവും കേന്ദ്രഗവൺമെൻറിന്റെ സമ്മതം കൂടാതെ വെളിപ്പെടുത്താൻ പാടുള്ളതല്ല.

(6) ഈ വകുപ്പിൽ, "ഈടിൽ" ഏത് രേഖപ്രകാരമാണോ ഏതെങ്കിലും ആൾ പണം കൊടുക്കാൻ താൻ നിയമപ്രകാരം ബാദ്ധ്യസ്ഥനാണെന്ന് സമ്മതിക്കുന്നത്, അല്ലെങ്കിൽ ഏത് രേഖയിൻകീഴിലാണോ ഏതെങ്കിലും ആൾക്ക് പണം കിട്ടുന്നതിന് നിയമപ്രകാരമുള്ള അവകാശം ലഭിക്കുന്നത്, അങ്ങനെയുള്ള രേഖ ഉൾപ്പെടുന്നു.

8. <u>നിയമവിരുദ്ധസമാജത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥലങ്ങൾ വിജ്ഞാപനം ചെയ്യുവാനുള്ള അധികാരം</u> :— (1) 3-ാം വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും, ആ വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ പ്രഭാവത്തിൽ വന്നിട്ടുള്ളതുമായ ഒരു വിജ്ഞാപനം വഴി ഒരു സമാജം നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളിടത്ത്, കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അതിന്റെ അഭിപ്രായത്തിൽ അങ്ങനെയുള്ള നിയമവിരുദ്ധസമാജത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും സ്ഥലം വിജ്ഞാപനം ചെയ്യാവുന്നതാണ്.

<u>വിശദീകരണം</u> .— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, "സ്ഥലത്തിൽ" എന്നതിൽ വീടോ കെട്ടിടമോ, അതിന്റെ ഏതെങ്കിലും ഭാഗമോ കൂടാരമോ ജലയാനമോ ഉൾപ്പെടുന്നു.

(2) (1)-ാം ഉപവകുപ്പിൽ കീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കപ്പെടുന്നതിൻമേൽ, ഏത് ജില്ലാ മജിസ്ട്രേററിന്റെ അധികാരിതയുടെ തദ്ദേശാതിർത്തിയ്ക്കുള്ളിലാണോ ആ വിജ്ഞാപിത സ്ഥലം സ്ഥിതി ചെയ്യുന്നത്, ആ ജില്ലാ മജിസ്ട്രേററോ അല്ലെങ്കിൽ ഇതിലേക്ക് അദ്ദേഹം ലിഖിതമായി പ്രാധികാരം നല്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ വിജ്ഞാപിത സ്ഥലത്ത് കാണുന്ന (ഉടുപ്പുകളും വെപ്പ് പാത്രങ്ങളും, കിടക്കയും ശയ്യോപക

രണങ്ങളും, കൈത്തൊഴിലുകാരുടെ പണിയായുധങ്ങളും, കൃഷിപ്പണിക്കോപ്പുകളും കന്നുകാലികളും ധാന്യവും ഭക്ഷണപദാർത്ഥങ്ങളും നിസ്സാര പ്രകൃതമുള്ളതാണെന്നു താൻ കരുതുന്ന മററു സാധനങ്ങളും അല്ലാത്ത) എല്ലാ ജംഗമവസ്തുക്കളുടേയും ഒരു ലിസ്ററ് മാന്യരായ രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കേണ്ടതാകുന്നു.

(3) ലിസ്ററിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സാധനങ്ങൾ ജില്ലാ മജിസ്ട്രേററിന്റെ അഭിപ്രായത്തിൽ, ആ നിയമവിരുദ്ധസമാജത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കപ്പെടുന്നതോ ഉപയോഗിക്കപ്പെടാവുന്നതോ ആണെങ്കിൽ, അദ്ദേഹത്തിന് ആ സാധനങ്ങൾ തന്റെ ലിഖിതമായ ഉത്തരവുകൾ അനുസരിച്ചല്ലാതെ, ഉപയോഗിക്കുന്നതിൽ നിന്ന് ഏതെങ്കിലും ആളെ നിരോധിച്ചുകൊണ്ട് ഉത്തരവ് ചെയ്യാവുന്നതാണ്.

(4) ജില്ലാ മജിസ്ട്രേററിന്, അപ്പോൾ, വിജ്ഞാപനത്തീയതി വിജ്ഞാപിതസ്ഥലത്ത് താമസക്കാരനല്ലാതിരുന്ന യാതൊരാളും, തന്റെ അനുവാദം കൂടാതെ വിജ്ഞാപിത സ്ഥലത്ത് പ്രവേശിക്കുകയോ, അവിടെയോ അതിനുള്ളിലോ ഉണ്ടായിരിക്കുകയോ ചെയ്യരുതെന്ന് ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ഉപവകുപ്പിലെ യാതൊന്നും വിജ്ഞാപനത്തീയതി വിജ്ഞാപിത സ്ഥലത്ത് താമസക്കാരനായിരുന്ന ഏതെങ്കിലും ആളുടെ ഏതെങ്കിലും അടുത്ത ബന്ധുവിന് ബാധകമാകുന്നതല്ല.

(5) (4)-ാം ഉപവകുപ്പിന് അനുസൃതമായി വിജ്ഞാപിത സ്ഥലത്ത് പ്രവേശിക്കുകയോ, അവിടെയോ അതിനുള്ളിലോ ഉണ്ടായിരിക്കുകയോ ചെയ്യാൻ ഏതെങ്കിലും ആൾക്ക് അനുവാദം നല്കിയിട്ടുള്ളിടത്ത്, അയാൾ അങ്ങനെയുള്ള അനുവാദത്തിൻ കീഴിൽ പ്രവർത്തിക്കുമ്പോൾ അയാളുടെ പെരുമാററം ക്രമപ്പെടുത്തുന്നതിന് ജില്ലാ മജിസ്ട്രേററ് നല്കാവുന്ന ഉത്തരവുകൾ അനുസരിക്കേണ്ടതാകുന്നു.

(6) ഒരു സബ്ഇൻസ്പെക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ, കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക് പ്രാധികാരം നല്കുന്ന മറേറതെങ്കിലും ആൾക്കോ വിജ്ഞാപിത സ്ഥലത്ത് പ്രവേശിക്കുകയോ പ്രവേശിക്കുവാൻ തുനിയുകയോ അവിടെയോ അതിനുള്ളിലോ ഉണ്ടായിരിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആളെ ശോധന ചെയ്യാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും ആളെ ശോധന ചെയ്യുന്നതിനായി തടങ്കലിൽ വയ്ക്കാവുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൻ കീഴിൽ യാതൊരു സ്ത്രീയേയും ഒരു സ്ത്രീയല്ലാതെ ശോധന ചെയ്യാൻ പാടുള്ളതല്ല.

(7) (4)-ാം ഉപവകുപ്പിൻ കീഴിൽ ചെയ്ത ഉത്തരവ് ഉല്ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾ വിജ്ഞാപിത സ്ഥലത്ത് ഉണ്ടായിരിക്കുന്നുവെങ്കിൽ, അയാൾക്കെതിരായി എടുക്കപ്പെടാവുന്ന മറേറതെങ്കിലും നടപടികൾക്ക് ഭംഗം വാരാതെ, അയാളെ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് പ്രാധികാരം നല്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ മറേറതെങ്കിലും ആൾക്കോ അവിടെനിന്ന് നീക്കം ചെയ്യാവുന്നതാണ്.

(8) ഒരു സ്ഥലം സംബന്ധിച്ച് (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്താലോ (3)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ ചെയ്ത ഉത്തരവിനാലോ സങ്കടക്കാരനായ ഏതെങ്കിലും ആൾക്ക്, അതതുസംഗതിപോലെ, വിജ്ഞാപനത്തിന്റേയോ ഉത്തരവിന്റേയോ തീയതി മുതൽ മുപ്പതുദിവസത്തിനകം—

(ക) ആ സ്ഥലം ആ നിയമവിരുദ്ധ സമാജത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കപ്പെട്ടിട്ടില്ലെന്നു പ്രഖ്യാപിക്കുന്നതിനോ ; അല്ലെങ്കിൽ

(ഖ) (3)-ാം ഉപവകുപ്പിനോ (4)-ാം ഉപവകുപ്പിനോ കീഴിൽ ചെയ്ത ഉത്തരവ് അസ്ഥിരപ്പെടുത്തുന്നതിനോ ;

അങ്ങനെയുള്ള വിജ്ഞാപിത സ്ഥലം ഏതു് ജില്ലാജഡ്ജിയുടെ അധികാരിതയുടെ തദ്ദേശാതിർത്തിക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത്, ആ ജില്ലാ ജഡ്ജിയുടെ കോടതിയ്ക്ക് അപേക്ഷ കൊടുക്കാവുന്നതും, അപേക്ഷ കിട്ടുന്നതിൻമേൽ, ജില്ലാ ജഡ്ജിയുടെ കോടതി, കക്ഷികൾക്ക് പറയുവാനുള്ളത് പറയാൻ അവസരം നല്കിയതിനുശേഷം, ആ പ്രശ്നം തീരുമാനിക്കേണ്ടതും ആകുന്നു.

9. <u>ഈ ആക്ററിൻ കീഴിൽ അപേക്ഷകൾ തീർപ്പാക്കുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമം.</u>— ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും അന്വേഷണ വിചാരണനടത്തുന്നതിൽ ട്രിബ്യൂണലോ അല്ലെങ്കിൽ 7-ാം വകുപ്പ് (4)-ാം ഉപവകുപ്പിനോ 8-ാം വകുപ്പ് (8)-ാം ഉപവകുപ്പിനോ കീഴിൽ ഏതെങ്കിലും അപേക്ഷ തീർപ്പാക്കുന്നതിൽ ജില്ലാ ജഡ്ജിയുടെ കോടതിയോ അനുവർത്തിക്കേണ്ട നടപടിക്രമം, ആകാവുന്നിടത്തോളം, അവകാശവാദങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിന് സിവിൽ നടപടിനിയമസംഹിത 1908 ( 1908-ലെ 5 )- ൽ കൊടുത്തിട്ടുള്ള നടപടിക്രമം ആയിരിക്കേണ്ടതും, അതതു സംഗതിപോലെ, ട്രിബ്യൂണലിന്റേയോ ജില്ലാ ജഡ്ജിയുടേയോ തീരുമാനം അന്തിമമായിരിക്കുന്നതും ആകുന്നു.

## അദ്ധ്യായം III

## കുററങ്ങളും ദണ്ഡനങ്ങളും

10. <u>നിയമവിരുദ്ധ സമാജത്തിന്റെ അംഗങ്ങളായിരിക്കുന്നതിനുള്ള ദണ്ഡനം.</u>—3-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും ആ വകുപ്പിലെ (3)-ാം ഉപവകുപ്പിൻ കീഴിൽ പ്രഭാവത്തിൽ വന്നിട്ടുള്ളതും ആയ ഒരു വിജ്ഞാപനത്താൽ നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഒരു സമാജത്തിലെ അംഗമായിരിക്കുകയോ അംഗമായി തുടരുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമവിരുദ്ധ സമാജത്തിന്റെ യോഗങ്ങളിൽ പങ്കെടുക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമവിരുദ്ധ സമാജത്തിന്റെ ആവശ്യത്തിന് ഏതെങ്കിലും സംഭാവന നല്കുകയോ അതിന് അർത്ഥിക്കുകയോ ചെയ്യുകയോ, അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമവിരുദ്ധ സമാജത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതും അയാൾ പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആണ്.

11. നിയമവിരുദ്ധ സമാജത്തിന്റെ പണം കൈകാര്യം ചെയ്യുന്നതിനുള്ള ദണ്ഡനം.—ഏതെങ്കിലും പണമോ, ഈടുകളോ, ക്രെഡിററുകളോ സംബന്ധിച്ച് 7-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൻകീഴിൽ നിരോധന ഉത്തരവ് നടത്തപ്പെട്ടിട്ടുള്ള ഏതെങ്കിലും ആരം, ആ നിരോധന ഉത്തരവ് ഉല്ലംഘിച്ചുകൊണ്ട് അത് കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ കൈമാററം ചെയ്യുകയോ ഏതെങ്കിലും രീതിയിൽ മററുവിധത്തിൽ കൈകാര്യം ചെയ്യുകയോ ചെയ്യുന്നുവെങ്കിൽ, അയാരം മൂന്നു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതും, ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള ഉല്ലംഘനം വിചാരണചെയ്യുന്ന കോടതിക്ക്, കുററസ്ഥാപനം ചെയ്യപ്പെട്ട ആളിൽനിന്ന് ഏത് പണമോ, ക്രെഡിററുകളോ, ഈടുകളോ സംബന്ധിച്ചാണോ ആ നിരോധന ഉത്തരവ് ഉല്ലംഘിക്കപ്പെട്ടിട്ടുള്ളത്, ആ പണത്തിന്റേയോ ക്രെഡിററുകളുടേയോ തുകയോ, ആ ഈടുകളുടെ കമ്പോളവിലയോ, അല്ലെങ്കിൽ കോടതിക്ക് യുക്തമെന്നു തോന്നുന്ന അതിന്റെ ഏതെങ്കിലും ഭാഗമോ വസൂലാക്കുന്നതിനായി അയാളുടെ മേൽ കൂടുതൽ പിഴ ചുമത്തുക കൂടി ചെയ്യാവുന്നതുമാണ്.

12. ഒരു വിജ്ഞാപിത സ്ഥലം സംബന്ധിച്ച് ചെയ്ത ഉത്തരവ് ഉല്ലംഘിക്കുന്നതിനുള്ള ദണ്ഡനം.—(1) ഏതെങ്കിലും സാധനം സംബന്ധിച്ച് 8-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ ചെയ്ത നിരോധന ഉത്തരവ് ഉല്ലംഘിച്ചുകൊണ്ട് അത് ഉപയോഗിക്കുന്ന ഏതൊരാളും, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള വെറും തടവ് നല്കി ശിക്ഷിക്കപ്പെടുന്നതും പിഴ ശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആണ്.

(2) 8-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ ചെയ്ത ഉത്തരവ് ഉല്ലംഘിച്ചുകൊണ്ട്, ബോധപൂർവ്വവും മനഃപൂർവ്വവും ഒരു വിജ്ഞാപിത സ്ഥലത്ത് ഉണ്ടായിരിക്കുകയോ അവിടെ പ്രവേശിക്കുകയോ പ്രവേശിക്കുവാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കു കൂടി അർഹനാകുന്നതും ആണ്.

13. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള ശിക്ഷ.—(1) ഏതൊരാളാണോ—

(ക) ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനത്തിൽ പങ്കെടുക്കുകയോ അതു ചെയ്യുകയോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനത്തിനുവേണ്ടി വാദിക്കുകയോ, അതിന് പ്രേരണ നല്കുകയോ, ഉപദേശിക്കുകയോ ഇളക്കിവിടുകയോ,

ചെയ്യുന്നത്, അയാരം ഏഴുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവു നല്കി ശിക്ഷിക്കപ്പെടുന്നതും പിഴശിക്ഷയ്ക്കുകൂടി അർഹനാകുന്നതും ആണ്.

(2) 3-ാം വകുപ്പിൻകീഴിൽ നിയമവിരുദ്ധമായി പ്രഖ്യാപിക്കപ്പെട്ട ഏതെങ്കിലും സമാജത്തിന്റെ ഏതെങ്കിലും നിയമവിരുദ്ധപ്രവർത്തനത്തെ, ആ സമാജത്തെ അപ്രകാരം പ്രഖ്യാപിക്കുന്ന വിജ്ഞാപനം ആ വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ പ്രാബല്യത്തിൽ വന്നതിനുശേഷം, ഏതെങ്കിലും വിധത്തിൽ സഹായിക്കുന്ന ഏതൊരാളും അഞ്ചു വർഷത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(3) ഈ വകുപ്പിലെ യാതൊന്നും ഇൻഡ്യാഗവൺമെൻറും മററേതെങ്കിലും രാജ്യത്തിലെ ഗവൺമെൻറും തമ്മിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും സന്ധിക്കോ കരാറിനോ ഉടമ്പടിക്കോ, അല്ലെങ്കിൽ അതിനുവേണ്ടി ഇൻഡ്യാഗവൺമെൻറ് ഇതിലേയ്ക്ക് പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും ആൾ നടത്തുന്ന ഏതെങ്കിലും കൂടിയാലോചനകൾക്കോ ബാധകമാകുന്നതല്ല.

14. കുററങ്ങൾ കോഗ്നൈസബിൾ ആയിരിക്കുമെന്ന്.—ക്രിമിനൽ നടപടി നിയമസംഹിത 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

## അദ്ധ്യായം IV

## പലവക

15. സമാജം തുടരുന്നത്.—ഒരു സമാജത്തിന്, അതിനെ വിഘടനം ചെയ്യുന്ന ഏതെങ്കിലും ഔപചാരിക കൃത്യമോ ഏതെങ്കിലും പേരുമാററമോ കാരണമായി മാത്രം അസ്തിത്വം അവസാനിച്ചതായി കരുതപ്പെടുന്നതല്ലാത്തതും, എന്നാൽ, അത് അങ്ങനെയുള്ള സമാജത്തിൻെറ ആവശ്യങ്ങൾക്കായി അതിൻെറ ഏതെങ്കിലും അംഗങ്ങൾ തമ്മിലുള്ള യഥാർത്ഥമായ കൂട്ടംചേരൽ തുടരുന്നിടത്തോളം, അതു തുടരുന്നതായി കരുതപ്പെടുന്നതും ആകുന്നു.

16 അധികാരിതാ തടസ്സം.—ഈ ആക്ററിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, കേന്ദ്രഗവൺമെൻേറാ, ജില്ലാ മജിസ്ട്രേറേറാ, ഇതിലേയ്ക്ക് കേന്ദ്രഗവൺമെൻേറാ ജില്ലാ മജിസ്ട്രേറേറാ, പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്ററിൻ കീഴിൽ എടുത്ത യാതൊരു നടപടിയും, ഏതെങ്കിലും കോടതിയിൽ ഏതെങ്കിലും വ്യവഹാരത്തിലോ, അപേക്ഷയിലോ, അല്ലെങ്കിൽ അപ്പീൽവഴിയോ റിവിഷൻ വഴിയോ ചോദ്യം ചെയ്യുവാൻ പാടുള്ളതല്ലാത്തതും, ഈ ആക്ററിനാലോ ഈ ആക്ററിൻകീഴിലോ നല്കപ്പെട്ട ഏതെങ്കിലും അധികാരത്തിന് അനുസൃതമായി എടുത്തതോ എടുക്കേണ്ടതോ ആയ ഏതെങ്കിലും പ്രവൃത്തി സംബന്ധിച്ച് ഏതെങ്കിലും കോടതിയോ മററ് അധികാര സ്ഥാനമോ യാതൊരു ഇൻജങ്ഷനും അനുവദിക്കാൻ പാടുള്ളതല്ലാത്തതും ആകുന്നു.

17. ഈ ആക്ററിൻകീഴിലെ കുററങ്ങൾക്കുള്ള പ്രാസിക്യൂഷൻ.—കേന്ദ്രഗവൺമെൻറിൻേറയോ ഇതിലേയ്ക്ക് കേന്ദ്രഗവൺമെൻറ് പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻെറയോ മുൻകൂട്ടിയുള്ള അനുമതി കൂടാതെ, യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം നടപടിക്കെടുക്കാൻ പാടുള്ളതല്ല.

18. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവർത്തിക്കുള്ള രക്ഷണം.—(1) ഈ ആക്ററിനോ, അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലുംവഴി സംഭവിക്കുന്നതോ സംഭവിക്കാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടമോ, നാശനഷ്ടമോ സംബന്ധിച്ച് ഗവൺമെൻറിനെതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ നിയമനടപടിയും നിലനില്ക്കുന്നതല്ല.

(2) ഈ ആക്ററിനോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്നതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സംബന്ധിച്ച്, ജില്ലാ മജിസ്ട്രേററിനോ, ഇതിലേയ്ക്ക് ഗവൺമെൻേറാ ജില്ലാ മജിസ്ട്രേററോ പ്രാധികാരം നല്കിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി, യാതൊരു വ്യവഹാരവും പ്രാസിക്യൂഷനും അല്ലെങ്കിൽ മററു നിയമനടപടിയും നിലനില്ക്കുന്നതല്ല.

19. പ്രത്യായോജനം ചെയ്യുവാനുള്ള അധികാരം.—കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, 7-ാം വകുപ്പിനോ 8-ാം വകുപ്പിനോ കീഴിൽ, അല്ലെങ്കിൽ അവരണ്ടിനും കീഴിൽ, അതിന് പ്രയോഗിക്കാവുന്ന എല്ലാ അധികാരങ്ങളും, അല്ലെങ്കിൽ അവയിൽ ഏതെങ്കിലും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പരിതഃസ്ഥിതികളിലും ഉദ്ദേശിക്കുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്കു കീഴിലും, ഏതെങ്കിലും സ്റേററ് ഗവൺമെൻറിനാലും പ്രയോഗിക്കപ്പെടുന്നതാണെന്നു നിദേശിക്കാവുന്നതും, കേന്ദ്രഗവൺമെൻറിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി സ്റേററ്ഗവൺമെൻറിന്, സ്റേററ്ഗവൺമെൻറ് പ്രയോഗിക്കേണ്ടതാണെന്ന് നിദേശിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരം അതു ലിഖിതമായ ഉത്തരവ് വഴി നല്കുന്ന നിദേശത്തിൽ വിനിർദ്ദേശിക്കുന്ന പരിതഃസ്ഥിതികളിലും വിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്കുകീഴിലും, അതിൽ വിനിർദ്ദേശിക്കുന്നതും സ്റേററ്ഗവൺമെൻറിന് കീഴിലുള്ളതുമായ ഏതെങ്കിലും ആളുകളാൽ പ്രയോഗിക്കപ്പെടുന്നതാണെന്ന് ആ ലിഖിതമായ ഉത്തരവ് വഴി നിദേശിക്കാവുന്നതും ആണ്.

20. മററ് അധിനിയമങ്ങൾക്ക് അസംഗതമായിട്ടുള്ളിടത്ത് ഈ ആക്ററിന്റേയും ചട്ടങ്ങൾ മുതലായവയുടേയും പ്രഭാവം.—ഈ ആക്ററിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ വ്യവസ്ഥകൾക്ക്, അവയോട് അസംഗതമായി ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിലോ, ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

21. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പാക്കുവാൻ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതേയും, ആ ചട്ടങ്ങൾക്ക് താഴെ പറയുന്ന വിഷയങ്ങൾക്ക്, അതായത്:—

(ക) ഈ ആക്ററിൻകീഴിൽ പുറപ്പെടുവിക്കുന്നതോ ചെയ്യുന്നതോ ആയ നോട്ടീസുകളോ ഉത്തരവുകളോ നടത്തുന്നതും, അങ്ങനെയുള്ള നോട്ടീസുകളോ ഉത്തരവുകളോ നടത്തേണ്ടത് ഏകാംഗയോഗത്തിനോ, കമ്പനിക്കോ, ബാങ്കിനോ, മററ് സമാജത്തിനോ ആയിരിക്കുന്നിടത്ത്, അവ നടത്തുന്ന രീതിയും ;

(ഖ) ഈ ആക്ററിൻകീഴിൽ ഏതെങ്കിലും അന്വേഷണവിചാരണ നടത്തുന്നതിലോ ഏതെങ്കിലും അപേക്ഷ തീർപ്പാക്കുന്നതിലോ ട്രിബ്യൂണലോ, ജില്ലാ ജഡ്ജിയോ അനുവർത്തിക്കേണ്ട നടപടിക്രമം ;

(ഗ) നിർണ്ണയിക്കപ്പെടേണ്ടതോ, നിർണ്ണയിക്കപ്പെടുന്നതോ ആയ മറ്റേതെങ്കിലും വിഷയം,

എന്നീ എല്ലാ വിഷയങ്ങൾക്കും, അല്ലെങ്കിൽ അവയിൽ ഏതിനെങ്കിലും വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ ആയി ആകെ മുപ്പതു ദിവസക്കാലത്തയ്ക്ക് വയ്ക്കേണ്ടതും, ഏത് സമ്മേളനത്തിലാണോ അതു അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന് അതതുസംഗതിപോലെ, രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രാബല്യശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പു ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.

— — — —